**തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ (i/c) നടപടിക്രമം**
**(ഹാജർ : SINDHU P G)**

നം.**DIC/6120/2025-EE3** തീയതി : **27-11-2025**

വിഷയം:- വ്യവസായം - ജീവനക്കാര്യം – **31.12.2020** വരെയുള്ള ക്ലാർക്കുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ശ്രീമതി.മഞ്ജുളാദേവി.വി-യെ - ഉൾപ്പെടുത്തി ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:-
1. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ **31.08.2021** തീയതിയിലെ ഡിഐസി/**3306/2020**-ഇഇ3 നമ്പർ നടപടിക്രമം.
2. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ **24.12.2020** തീയതിയിലെ ഡിഐസി/**16195/2018**-ഇഎ1 നമ്പർ നടപടിക്രമം.
3. കോഴിക്കോട് പ്രോജക്റ്റ് ഓഫീസറുടെ (കയർ) **28.12.2020** തീയതിയിലെ എ1/**2615/2020** നമ്പർ നടപടിക്രമം.
4. നോർത്ത് പറവൂർ പ്രോജക്റ്റ് ഓഫീസറുടെ (കയർ) **16.07.2025** തീയതിയിലെ പിഒസിഎൻപി/**81/2025**-ഇ നമ്പർ കത്ത്.

**ഉത്തരവ്**

വ്യവസായ വാണിജ്യ വകുപ്പിലെ **31.12.2020** വരെയുള്ള ക്ലാർക്കുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ് പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം ശ്രീമതി.മഞ്ജുളാദേവി.വി-യെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുകയും, പരാമർശം (3) പ്രകാരം **28.12.2020**-ൽ കോഴിക്കോട് കയർ പ്രോജക്ട് ഓഫീസിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. എന്നാൽ പരാമർശം (1) ഉത്തരവിൽ ശ്രീമതി.മഞ്ജുളാദേവി.വി-യെ ഉൾപ്പെടുത്തിയിരുന്നില്ല. താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആയതിന്മേൽ പരാതി/ആക്ഷേപം സമർപ്പിക്കാൻ സമയം നൽകിയിരുന്നു എങ്കിലും ശ്രീമതി.മഞ്ജുളാദേവി.വി പരാതി സമർപ്പിച്ചിരുന്നില്ല. നിലവിൽ ശ്രീമതി.മഞ്ജുളാദേവി.വി തന്നെ പരാമർശം (1) സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം നോർത്ത് പറവൂർ പ്രോജക്ട് ഓഫീസർ (കയർ) ഈ ഓഫീസിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ **31.12.2020** വരെയുള്ള പരാമർശം (1)

സീനിയോരിറ്റി ലിസ്റ്റിൽ ശ്രീമതി.മഞ്ജുളാദേവി.വി-യെ ഉൾപ്പെടുത്തേണ്ടതുണ്ട്. ആയതിലേയ്ക്ക് ഈ ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ പ്രസ്താവിച്ച സാഹചര്യത്തിൽ ശ്രീമതി.മഞ്ജുളാദേവി.വി, ക്ലാർക്ക്-നെ **31.12.2020** വരെയുള്ള ക്ലാർക്കുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ **344,** സീനിയോരിറ്റി നമ്പർ **31/20** ആയ ശ്രീ.അരുൺ.വി.എൽ-നും ക്രമ നമ്പർ **345,** സീനിയോരിറ്റി നമ്പർ **32/20** ആയ ശ്രീ.ഉനയിസ് പാലശ്ശേരി ഇത്തിക്കലിനും ഇടയിൽ ക്രമ നമ്പർ **344 (a),** സീനിയോരിറ്റി നമ്പർ **31 (a)/20** ആയി ഉൾപ്പെടുത്തി മേൽ കാലയളവിലെ ക്ലാർക്കുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ് പുനഃക്രമീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**SINDHU P G**
**SENIOR ADMINISTRATIVE OFFICER (i/c)**

സ്വീകർത്താവ്:- ശ്രീമതി.മഞ്ജുളാദേവി.വി, ക്ലാർക്ക്. (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :
1. ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. പ്രോജക്റ്റ് ഓഫീസർ, പ്രോജക്റ്റ് ഓഫീസ് (കയർ), നോർത്ത് പറവൂർ
3. ഇഎ, ഇസി, ഐടി സെക്ഷൻ.

ഉത്തരവിൻ പ്രകാരം

Signed by
K.r.hiranmayi
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
Date: 27-11-2025 17:09:51